"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്-എഞ്ചിനീയറിംഗ് വിഭാഗം-മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പൽ ഓഫീസ് അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.അഫ്സൽ സി. (PEN-883592) കൈക്കൂലിവാങ്ങിയതിനെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ VC-06/2023/MPM നമ്പർ ട്രാപ്കേസ് - വിജിലൻസ് കോടതിയിൽ കുറ്റവിചാരണയ്ക്കുള്ള അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(കൈ) നം.116/2025/LSGD തീയതി,തിരുവനന്തപുരം, 10-07-2025

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.05.2023-ലെ C5-(VC-6/2023/MPM)19695/2023/DVACB നമ്പർ കത്തും അനുബന്ധ റിപ്പോർട്ടും
2. സ.ഉ(സാധാ)നം.1096/2023/LSGD തീയതി 24.05.2023
3. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഉത്തരമേഖലാ പോലീസ് സൂപ്രണ്ടിന്റെ 23.01.2025-ലെ C-(VC-6/2023/MPM)4903/2023/NRK നമ്പർ കത്തും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റിന്റെ VC 06/2023/MPM നമ്പർ കേസിന്റെ അനുബന്ധ രേഖകളും
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.06.2025-ലെ LSGD/PD/33084/2023-VIGD3 നമ്പർ കത്ത്
5. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.06.2025-ലെ C5-36895/2023/DVACB നമ്പർ അർദ്ധഔദ്യോഗിക കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലിനോക്കിവരവെ ശ്രീ. അഫ്സൽ സി. S/o മുഹമ്മദലി, സാജിത മൻസിൽ, കോടങ്ങാട്, കൊണ്ടോട്ടി പി.ഒ., മലപ്പുറം എന്നയാളെ, ശ്രീ. ശിവശങ്കരൻ എന്ന വ്യക്തിയിൽ നിന്ന് 5000/-(അയ്യായിരം)രൂപ കൈക്കൂലിയായി വാങ്ങിയതിനെത്തുടർന്ന് കയ്യോടെ വിജിലൻസ് പിടികൂടിയിരുന്നു. സംഭവത്തിനിടയാക്കിയ പ്രവൃത്തി വിജിലൻസ് സമർപ്പിച്ച വസ്തുതാന്വേഷണ റിപ്പോർട്ട് പ്രകാരം താഴെപറയും പ്രകാരമായിരുന്നു.

2. പരാതിക്കാരനായ ശ്രീ. ശിവശങ്കരൻ കെ.പി., S/o ചന്ദ്രൻ, കൽപറമ്പിൽ ഹൗസ്,

നിലമ്പൂർ റെയിൽവേ സ്റ്റേഷൻ (പോസ്റ്റ്), മലപ്പുറം എന്നയാൾ സുഹൃത്ത് ഉസ്മാന്റെ മരുമകന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വാടക നിശ്ചയിച്ച് ഒരു മോട്ടോർസൈക്കിൾ വർക്ക്ഷോപ്പ് നടത്തുവാൻ തീരുമാനിച്ചിരുന്നു. ഇതിനായി ഒരു ഷെഡ് നിർമ്മാണത്തിനായി ബിൽഡിംഗ് പെർമിറ്റിന് നഗരസഭയിൽ അപേക്ഷ സമർപ്പിക്കുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കാനായി നഗരസഭയുടെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. അഫ്സൽ സി. കൈക്കൂലിയായി 10,000/- (പതിനായിരം) രൂപ 02/05/2023-ൽ ആവശ്യപ്പെടുകയും ആദ്യഗഡുവായ 5000/- (അയ്യായിരം) രൂപ നിർബന്ധമായി കൈപ്പറ്റുകയും ചെയ്തു. തുടർന്ന്, ബാക്കിവരുന്ന 5000/- (അയ്യായിരം) രൂപ 05/05/2023-ൽ ഓഫീസിൽ കൊണ്ടുവരുവാൻ നിർദ്ദേശിക്കുകയും ഇക്കാര്യം 03/05/2023, 04/05/2023 എന്നീ തീയതികളിൽ ഫോൺ മുഖേന ഓർമ്മപ്പെടുത്തിയതായും വിജിലൻസ് റിപ്പോർട്ടിൽ പറയുന്നു. 05/05/2023-ൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ഓഫീസിൽ വച്ച് രാവിലെ 11.00 മണിക്ക് ആരോപണവിധേയൻ 5000/- (അയ്യായിരം) രൂപ ആവശ്യപ്പെടുകയും കൈപ്പറ്റുകയും ആയത് വിജിലസിന്റെ അന്വേഷണത്തിൽ കയ്യോടെ ടിയാനിൽ നിന്ന് പിടിക്കപ്പെടുകയുമുണ്ടായി എന്ന് വിജിലൻസ് സർക്കാരിനെ അറിയിച്ചിരുന്നു. പരാമർശ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും വിജിലൻസ്&ആന്റികറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റിന്റെ VC06/2023/MPM ട്രാപ്കേസിന്റെ അന്വേഷണ രേഖകൾ ഉള്ളടക്കം ചെയ്തുകൊണ്ട് വിജിലൻസ് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

3. തുടർന്ന്, ആരോപണവിധേയനായ അസിസ്റ്റന്റ് എഞ്ചിനീയർ സേവനത്തിൽ തുടർന്നാൽ അത് കേസിന്റെ തുടരന്വേഷണത്തെ ബാധിക്കുമെന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അഫ്സൽ സി.-യെ 05.05.2023 പ്രാബല്യത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. ഒപ്പം ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുററപത്രം നൽകി നിലവിൽ വകുപ്പുതല അച്ചടക്കനടപടി സ്വികരിച്ചുവരുന്നു. 09.07.2024-ലെ വിജിലൻസ് വകുപ്പിന്റെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ തീരുമാന പ്രകാരം ടിയാളെ സേവനത്തിൽ തിരിച്ചെടുത്തിട്ടുള്ളതും കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി നിയമിച്ചിട്ടുള്ളതുമാണ്. ടിയാനെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി നിയമാനുസൃതമായ നടപടിക്രമങ്ങളെല്ലാം പാലിച്ച് അന്തിമഘട്ടത്തിലേക്ക് കടക്കുകയാണ്.

4. അതേസമയം, പ്രസ്തുതകേസുമായി ബന്ധപ്പെട്ട രേഖകളെല്ലാം ഉള്ളടക്കം ചെയ്തുകൊണ്ട് ആരോപണവിധേയനെതിരെയുള്ള കേസ് വിജിലൻസ് കോടതിയിൽ സമർപ്പിച്ചുവെന്നും അതിന്റെ ഭാഗമായുള്ള വിചാരണയിലേക്ക് കടക്കാനായി ടിയാനെ പ്രോസിക്യൂട്ട് ചെയ്യുവാനുള്ള അനുമതി നൽകണമെന്നും വിജിലൻസ് ഡയറക്ടർ സർക്കാരിൽ അറിയിച്ചിരിക്കുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശവിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തും വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും

ശ്രീ.അഫ്സലിന്റെ പ്രവൃത്തി അഴിമതി നിരോധന (അമെന്റ്മെന്റ്) നിയമം, 2018-ലെ വകുപ്പ് 7 പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽപ്പെടുന്നതായി സർക്കാരിന് മേൽസാഹചര്യത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാകുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.അഫ്സൽ സി.-യെ (PEN-883592) ഓഫീസിൽ നിന്നും നീക്കംചെയ്യാനുള്ള അധികാരമുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ IAS എന്ന ഞാൻ, എന്റെ മുൻപാകെ സമർപ്പിച്ചിട്ടുള്ള ടി കേസിന്റെ ആരോപണങ്ങളും വസ്തുതകളുമടങ്ങിയ രേഖകളും സാക്ഷിമൊഴികളും സൂക്ഷ്മമായി പരിശോധിച്ചതിൽ ശ്രീ.അഫ്സൽ സി.-യെ കോടതി മുൻപാകെ വിചാരണ ചെയ്യേണ്ടതാണെന്ന് എനിയ്ക്ക് ഉത്തമബോദ്ധ്യം വന്നിട്ടുള്ളതാണ്.

6. ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ IAS എന്ന ഞാൻ, മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പൽ ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലി ചെയ്തിരുന്ന ശ്രീ.അഫ്സൽ സി. (PEN-883592) ചെയ്തതായിക്കാണുന്ന അഴിമതി നിരോധന നിയമത്തിലെ കുറ്റകൃത്യങ്ങൾക്കും മറ്റ് നിയമങ്ങൾപ്രകാരം ശിക്ഷാർഹമായവയിൽ ഉൾപ്പെടുന്ന കുറ്റങ്ങൾക്കും, മേൽപ്രവൃത്തികൾ കണക്കിലെടുത്ത് വിജിലൻസ്കോടതിമുൻപാകെ വിചാരണ ചെയ്യുന്നതിന് അഴിമതിനിരോധനനിയമത്തിന്റെ സെക്ഷൻ 19(1)(സി) പ്രകാരമുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Puneet Kumar

പുനീത് കുമാർ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. പോലീസ് സൂപ്രണ്ട്, വിജിലൻസ്&ആന്റികറപ്ഷൻ ബ്യൂറോ ഉത്തരമേഖല, കോഴിക്കോട്
2. പബ്ലിക് പ്രോസിക്യൂട്ടർ, വിജിലൻസ്&ആന്റികറപ്ഷൻ ബ്യൂറോ, ~~മലപ്പുറം~~ കോഴിക്കോട്
3. വിജിലൻസ് (എഫ്) വകുപ്പ് (01.07.2023-ലെ വിജി-എഫ്1/200/2023/വിജി പ്രകാരം)
4. ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
6. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി.) വകുപ്പ് (For updating the incumbency register)
7. സ്റ്റോക്ക് ഫയൽ (EWA2/45/2023-LSGD)

LOCAL SELF GOVERNMENT DEPT.
THIRUVANANTHAPURAM